ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ബഹുമാനപ്പെട്ട മന്ത്രി ഇതിനുമുമ്പു പറഞ്ഞു ഹയർ എലിമെൻററി സ്കൂൾ തുടങ്ങാൻ അനുവാദം കൊടുക്കുകയില്ല എന്നു്. അങ്ങനെ വരുന്നതുകൊണ്ടു് ഈ ആണ്ടിൽ എട്ടാം തരത്തിൽ പഠിക്കുന്നതിനുള്ള സൗകര്യം കൊടുക്കാതിരുന്നാൽ പൊതുവെ വളരെ വിഷമത്തിൽ ഇടയാകുമെന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതേ സംബന്ധിച്ചുള്ള വിഷമം വേറെ ഒന്നാണു്. സ്കൂളുകൾ തുടങ്ങേണ്ട അവസരത്തിൽ ഇന്നതിനെയെല്ലാം അവിടെ ചെയ്യണമെന്നു് ഏർപ്പെടുത്തിയിട്ടുണ്ടാകാം. എന്നാൽ ഒരു കൊല്ലം കഴിഞ്ഞിട്ടും അവിടെ ഒന്നും ചെയ്യുകയില്ല. അതു ശരിയായി നിർവ്വഹിക്കാത്ത സ്കൂളുകൾ ഇങ്ങനെ ഹയർ സ്റ്റാൻഡേർഡ് തുടങ്ങുന്നതെന്നു പറഞ്ഞിരിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: പറഞ്ഞിട്ടുള്ള കണ്ടിഷൻ എല്ലാം ഫുൾഫിൽ ചെയ്തിട്ടുള്ളവർക്കും ഏഴാം സ്റ്റാൻേറർഡ് കഴിഞ്ഞു എട്ടു തുറക്കുന്നതിനു് അനുവാദം കൊടുത്തിട്ടില്ല. അങ്ങനെയുള്ള തടസ്സങ്ങൾ മാററി ഉയർന്ന ക്ലാസുകൾ നടത്തുന്നതിനു് ഡയറക്ടർ നടപടി സ്വീകരിക്കുന്നതിനു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. അബൂക്കാതർകുട്ടി നഹ: മലബാറിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിൻെറ ഈ മനോഭാവം വളരെ വിഷമമാണെന്നും അതുകൊണ്ടു് മലബാറിൽ പ്രൈമറിസ്കൂളുകൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കണമെന്നും വിചാരിക്കുന്നുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: മലബാറിൽ ലോവർ പ്രൈമറിസ്കൂളുകളുടെ എണ്ണം വളരെ അധികമാണു്. എന്നാൽ ചില പിന്നോക്കപ്രദേശങ്ങളുമുണ്ടു്. ആ പ്രദേശങ്ങൾക്കു് പ്രത്യേക പരിഗണന നൽകാവുന്നതാണു്.

കേരളത്തിലെ ജയിലുകൾ.

* 1652. [22] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ:

(എ) കേരളത്തിലെ ജയിലുകളിൽ നടത്തുന്ന വ്യവസായങ്ങൾ ഏതെന്തെല്ലാം? ഈ ഇനത്തിൽ ആകെ എത്ര സംഖ്യ കഴിഞ്ഞവർഷം ജയിൽപ്പുള്ളികൾക്കു ലഭിച്ചു; കൂടുതൽ സമ്പാദ്യം ആർക്കായിരുന്നു; എത്ര സംഖ്യ;

(ബി) ജയിലിൽ ഇന്നു നടപ്പിലുള്ള ശിക്ഷകൾ ഏതെന്തെല്ലാം; അതു ശിക്ഷ ഇന്നു നടപ്പുണ്ടോ;

(സി) മലമൂത്രവിസർജ്ജനത്തിനുള്ള പ്രാകൃത ഏർപ്പാടുകൾ മാററി ഫ്ലഷ് ററിക്കു് ലട്രീൻസ് എല്ലാ ജയിലുകളിലും പണിയുവാൻ ഭയവുണ്ടാകുമോ?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) വ്യവസായങ്ങൾ താഴെ പറയുന്നവയാകുന്നു:

നെയ്ത്തു്, മരപ്പണി, തുകൽവ്യവസായം, ഇരുമ്പു പണികൾ, കയറുണ്ടാക്കൽ, തയ്യൽ, തൽത്തൽപ്പു്, എണ്ണയാട്ടൽ, അച്ചടി, ബയൻറിംഗ്, കടലാസുണ്ടാക്കൽ, തേവിച്ചവൃത്തൽ, കൃഷിത്തോട്ടങ്ങളുണ്ടാക്കൽ.

1958–ൽ ആകെ 37,707.79 രൂപ താഴെൽവേതനമായി കൊടുത്തിട്ടുണ്ടു്. കൂടുതൽ തുക കിട്ടിയതു് വിയ്യൂർ സെൻട്രൽ ജയിലിലെ 44–ാംനമ്പർ തടവുകാരനായ ചാക്കോ എന്നു വിളിച്ചുവരുന്ന ജേക്കബ്ബിനായിരുന്നു. തുക 175.25 രൂപയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) താക്കീതു നൽകൽ, തൊഴിലുകൾ മാറുക, അധ്യാപനമുള്ള ജോലി കൊടുക്കുക, റെമിഷൻ സമ്പ്രദായം മൂലമുള്ള ആനുകൂല്യങ്ങൾ കുറവു ചെയ്യുക, വേറിട്ടു താമസിപ്പിക്കുക, പ്രത്യേകതരം ഭക്ഷണം നൽകുക, സെല്ലുകളിൽ പൂട്ടിയിടുക എന്നിവയാണു് നടപ്പിലുള്ള ശിക്ഷകൾ. അടിശിക്ഷ ഇന്നു നടപ്പിലില്ല.

(സി) ഫ്ളഷ്ഡ് ലട്രിൻസും സെപ്റ്റിക് ടാങ്കു് ലട്രിൻസും എല്ലാ സെൻട്രൽ ജയിലുകളിലും പല സബ്ജയിലുകളിലും ഉണ്ടാക്കിയിട്ടുണ്ടു്. ബാക്കിയുള്ള സബ്ജയിലുകളിലും ഇത്തരം ലട്രിൻസ് പണിയുവാൻ നടപടി യെടുക്കുന്നുണ്ടു്. ഇതു പണത്തെ ആശ്രയിച്ചുനിൽക്കുന്ന ഒരു കാര്യമാണു്.

WRITTEN ANSWERS.

ഓരോ സ്റ്റാൻഡേർഡിൽനിന്നും വിജയികളാകുന്ന കുട്ടികൾ ചേരേണ്ട ക്ലാസുകൾ.

* 1653. [24] ശ്രീ. കെ. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്കൂൾവർഷത്തിൽ നാലാം സ്റ്റാൻഡേർഡിൽനിന്നും പാസാകുന്ന ഒരു കുട്ടിക്കു് അടുത്ത സ്കൂൾവർഷത്തിൽ ഏതു ക്ലാസിൽ ചേർന്നു പഠിക്കാൻ കഴിയും;

(ബി) ഈ സ്കൂൾവർഷത്തിൽ അഞ്ചാം സ്റ്റാൻഡേർഡിൽനിന്നും പാസാകുന്ന ഒരു വിദ്യാർത്ഥിക്കു അടുത്ത സ്കൂൾവർഷത്തിൽ ഏതു ക്ലാസിൽ ചേരാൻ കഴിയും, പ്രസ്തുത ക്ലാസിൽ തോൽക്കുന്ന വിദ്യാർത്ഥികൾക്കു് ഏതു ക്ലാസിൽ തുടർന്നു പഠിക്കാം;

(സി) ഈ സ്കൂൾവർഷത്തിൽ ഒന്നാംഫാറത്തിൽ നിന്നും പാസ്സാകുന്ന ഒരു വിദ്യാർത്ഥിക്കു് അടുത്ത സ്കൂൾവർഷത്തിൽ ഏതുക്ലാസിൽ ചേരാൻ കഴിയും; പ്രസ്തുത ക്ലാസിൽ തോൽക്കുന്ന വിദ്യാർത്ഥികൾക്കു് ഏതു ക്ലാസിൽ തുടർന്നു പഠിക്കാം;

(ഡി) ഈ സ്കൂൾവർഷത്തിൽ രണ്ടാം ഫാറത്തിൽ തോൽക്കുന്ന വിദ്യാർത്ഥികൾക്കു് അടുത്ത സ്കൂൾവർഷത്തിൽ ഏതു ക്ലാസിൽ തുടർന്നു പഠിക്കാം?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) പുതിയ അഞ്ചാം സ്റ്റാൻഡേർഡിൽ

(ബി) പുതിയ അഞ്ചാം സ്റ്റാൻഡേർഡിൽനിന്നും പാസാകുന്ന ഒരു വിദ്യാർത്ഥിക്കു് അടുത്ത വർഷത്തിൽ പുതിയ ആറാം സ്റ്റാൻഡേർഡിലും തോൽക്കുന്ന വിദ്യാർത്ഥിക്കു് അതേ ക്ലാസിൽ തന്നെയും തുടർന്നു പഠിക്കാം.

(സി) ഈ സ്കൂൾവർഷത്തിൽ ഒന്നാംഫാറത്തിൽനിന്നും (അതായതു് ആറാം സ്റ്റാൻഡേർഡിൽനിന്നും) പാസാകുന്ന ഒരു വിദ്യാർത്ഥിക്കു് പഴയ ഏഴാം സ്റ്റാൻഡേർഡിലും പ്രസ്തുത ക്ലാസിൽ തോൽക്കുന്ന വിദ്യാർത്ഥികൾക്കു് അഞ്ചാം സ്റ്റാൻഡേർഡിലും തുടർന്നു പഠിക്കാം.

(ഡി) ഈ സ്കൂൾവർഷത്തിൽ രണ്ടാം ഫാറത്തിൽ തോൽക്കുന്ന വിദ്യാർത്ഥികൾക്കു പുതിയ ആറാം സ്റ്റാൻഡേർഡിൽ തുടർന്നു പഠിക്കാം.

കുന്താളി ഹരിജൻ കോളനി

* 1654. [27] ശ്രീ. കെ. അബൂക്കാദർകുട്ടി നഹ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്താളിയിൽ പണിയാരംഭിച്ചിട്ടുള്ള ഹരിജൻ കോളനിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തു്;

LIBRARY ARCHIVES Kerala Legislative Assembly